**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4790** | | **26.06.2019-ൽ മറുപടിയ്ക്ക്** | |
| **കരിയില കമ്പോസ്റ്റാക്കി മാറ്റാൻ നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.എസ്.ശിവകുമാർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | നിരത്തുകളിലും ജനവാസ കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്കും കരിയിലയും ഉൾപ്പെടെയുള്ളവ കൂട്ടിയിട്ട് കത്തിക്കുന്നതുമൂലം ജനങ്ങൾക്കും/പരിസ്ഥിതിക്കും ഉണ്ടാകുന്ന ദോഷം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് തടയുന്നതിന് തിരുവനന്തപുരം നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | തിരുവനന്തപുരം നഗരപരിധിയിൽ ഒരു തരത്തിലുള്ള മാലിന്യവും കത്തിക്കാതിരിക്കാനുള്ള No burn campaign ന് നഗരസഭ തുടക്കം കുറിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2019 ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ഒരാഴ്ച കാലം നീണ്ടു നിൽക്കുന്ന പരിസ്ഥിതി വാരാഘോഷം തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ശുചീകരണ തൊഴിലാളികൾക്ക് കരിയില ഉൾപ്പടെയുള്ള മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയുള്ള ബോധവൽക്കരണ ക്യാമ്പ് 2019 ജൂൺ 10-ാം തീയതി നഗരസഭ സംഘടിപ്പിച്ചു. തുടർന്ന് ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു. തിരുവനന്തപുരം നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 46 കേന്ദ്രങ്ങളിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ സജ്ജമാക്കിയിട്ടുണ്ട്. നഗരവാസികൾക്ക് രാവിലെ 5 മണിമുതൽ രാത്രി 9 മണിവരെയുള്ള സമയങ്ങളിൽ ഈ സ്ഥലത്ത് പ്ലാസ്റ്റിക് മാലിന്യം യാതൊരു ഫീസും നൽകാതെ കൈയൊഴിയാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ശേഖരണത്തിനായി special collection drive വും സംഘടിപ്പിക്കുന്നു. |
| (സി) | കരിയില പ്രത്യേകമായി ശേഖരിച്ച് കമ്പോസ്റ്റാക്കി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | നഗരപ്രദേശത്ത് വരുന്ന കരിയില മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭ പാളയം, ചാക്ക, കവടിയാർ എന്നീ സ്ഥലങ്ങളിൽ കരിയില പെട്ടികൾ സ്ഥാപിച്ച് കരിയിലകൾ കമ്പോസ്റ്റാക്കുന്നതിനായി ശേഖരിച്ചുവരുന്നു. കൂടുതൽ സ്ഥലങ്ങളിൽ കരിയില പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ